# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 254 01.12.2014-ൽ മറുപടിയ്ക്ക്

### അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. പി. റ്റി.എ. റഹീം<br>ശ്രീ. ബി.ഡി. ദേവസ്സി | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ (എ) ആക്ട് (യു.എ.പി.എ) എന്ത് ഉദ്ദേശത്തോടെയാണ് കൊണ്ടുവന്നതെന്ന് അറിയാമോ ; വിശദമാക്കാമോ ; | വ്യക്തികളുടെയും സംഘങ്ങളുടെയും ചില നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കൂടുതൽ കാര്യക്ഷമമായ നടപടി സ്വീകരിക്കുകയാണ് നിയമത്തിന്റെ ലക്ഷ്യം. |
| ബി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായി, അതുമായി യാതൊരു ബന്ധവുമില്ലാത്ത കേസുകളിൽ ബാധകമാക്കുന്നതായിട്ടുള്ള പരാതി സംസ്ഥാനത്ത് വന്നിട്ടുള്ളതായി അറിയാമോ; എങ്കിൽ സംസ്ഥാന പോലീസ് എഫ്.ഐ.ആർ ഇട്ടത് ഏത് കേസിലാണ്; കതിരൂരിലെ ബി.ജെ.പി. പ്രവർത്തകൻ കൊലചെയ്യപ്പെട്ട സംഭവത്തിൽ പോലീസ് ഇട്ട എഫ്.ഐ.ആറിൽ യു.എ.പി.എ. ചേർത്തത് ആരുടെയെല്ലാം നിർദ്ദേശത്തെ തുടർന്നാണ്; പ്രസ്തുത എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) പരാതി ലഭിച്ചിട്ടുണ്ട്.<br><br>യു. എ. പി. എ - യുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായി സംസ്ഥാന പോലീസ് ഒരു കേസിലും ഈ നിയമം ഉൾപ്പെടുത്തിയിട്ടില്ല.<br><br>കതിരൂരിലെ ബി.ജെ.പി. പ്രവർത്തകൻ കൊലചെയ്യപ്പെട്ട കേസിൽ (നമ്പർ 780/14 കതിരൂർ പി.എസ്., കണ്ണൂർ ജില്ല) യു.എ.പി.എ ചേർത്തത് സംഭവം സംബന്ധിച്ച് ലഭിച്ച ആദ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത എഫ്.ഐ. ആറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) രാജ്യത്തിന്റെ പലഭാഗത്തും ന്യൂനപക്ഷങ്ങൾക്കെതിരെ ദുരുപയോഗം ചെയ്യപ്പെട്ട കരിനിയമമായി ആക്ഷേപിക്കപ്പെട്ട പ്രസ്തുത നിയമം സംസ്ഥാനത്തും ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും, ഇപ്രകാരം തെറ്റായതെന്ന ആക്ഷേപമുള്ള നടപടികൾ തിരുത്താനും നടപടി സ്വീകരിക്കുമോ ? | (സി) സംസ്ഥാന പോലീസ് പ്രസ്തുത നിയമം ദുരുപയോഗം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**